പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4126      26.06.2013 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 2005 മുതൽ 2013 വരെ ഓരോ വർഷവും കുടിയേറിയ അന്യ സംസ്ഥാന തൊഴിലാളികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ ; | (എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ കേരളത്തിൽ 25 ലക്ഷത്തിൽപ്പരം അന്യ സംസ്ഥാന തൊഴിലാളികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഓരോ വർഷവും ഉണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കേരളത്തിൽ സാമ്പത്തിക ചോർച്ചയ്ക്ക് കാരണമാവുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) കേരള സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യമുണ്ടായപ്പോഴാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിയ നിരവധി തൊഴിലാളികൾക്ക് കേരളത്തിൽ തൊഴിൽ അവസരമുണ്ടായത്. അവരുടെ പ്രയത്നഫലമായി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ സംഭാവന ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ ശരാശരി പ്രതിവർഷം 70,000/- രൂപ വരെ ഓരോ അന്യ സംസ്ഥാന തൊഴിലാളിയും കേരളത്തിൽ നിന്ന് സ്വദേശത്തേയ്ക്ക് അയയ്ക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) കെട്ടിട നിർമ്മാണ മേഖലയിൽ, സാധന സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നത് ഉൾപ്പെടെ ഉണ്ടാകുന്ന സാമ്പത്തിക ചോർച്ച തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ.